വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയത് ഭേദഗതി ചെയ്യുന്നതിന് മറ്റ് സാമൂഹ്യപെൻഷൻ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി ഉയർത്തുന്നതിനും തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ.(എംഎസ്.) നമ്പർ 52/14/ സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സാമൂഹ്യക്ഷേമ പെൻഷന്റെ വാർഷിക വരുമാനപരിധി

238 (7537) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി എത്ര രൂപയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പരിധിയിൽ എന്ത് മാറ്റം വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയാണ്.

(ബി) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം സംബന്ധിച്ച് 20-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 59/13/സാനീവ പ്രകാരം വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക വരുമാനം എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിർഭയ കേന്ദ്രങ്ങളിലെ സുരക്ഷാ പാളിച്ചകൾ

239 (7538) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നിർഭയ കേന്ദ്രങ്ങളുണ്ട് ; ഈ കേന്ദ്രങ്ങളിലെല്ലാംകൂടി എത്ര അന്തേവാസികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാപാളിച്ചകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 10 നിർഭയ കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിലെല്ലാംകൂടി 107 അന്തേവാസികളുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. വിവിധ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.

കേരള മഹിളാ സമഖ്യ സൊസൈറ്റി - തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്

അന്വേഷി - കോഴിക്കാട്

കൾച്ചറൽ അക്കാദമി ഫോർ പീസ് - എറണാകുളം

ബദേസ്ത - തൃശ്ശൂർ

(ബി) സുരക്ഷാ പാളിച്ചകൾ സംഭവിച്ചിട്ടില്ല. തിരുവനന്തപുരം നിർഭയ ഷെൽട്ടർ ഹോമിൽനിന്നും ഒരു പെൺകുട്ടിയെ കടത്തുവാനുള്ള ശ്രമം വിഫലമാക്കുകയാണ് ഉണ്ടായത്. ഓരോ നിർഭയ കേന്ദ്രങ്ങളിലും 2 സെക്യൂരിറ്റി ജീവനക്കാർ, വാർഡൻ, കുക്ക് എന്നിവരുടെ മുഴുവൻ സമയ സേവന സംവിധാനം നിലവിലുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

240 (7539) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ അംഗണവാടികൾക്ക് കെട്ടിടനിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം, പ്രീ സ്കൂൾ കിറ്റ് വിതരണം, മെഡിസിൻ കിറ്റ് വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം അങ്കണവാടിയിലെ

LIBRARY ARCHIVES Kerala Legislative Assembly